# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2643 21/06/2012-ലെ മറുപടിക്ക്

**<u>അൽഹിന്ദ് എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ്</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി.കെ. അബ്ദുറബ്ബ്, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി. |
| എ) അൽഹിന്ദ് എഡ്യൂക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന് കോളേജ് തുടങ്ങാൻ കോഴിക്കോട് സർവ്വകലാശാല അനുമതി നൽകിയിട്ടുണ്ടോ; | എ) അൽഹിന്ദ് എഡ്യൂക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന് കീഴിൽ 2012-13, 2013-14 അദ്ധ്യയന വർഷങ്ങളിലേയ്ക്ക് പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് സർവ്വകലാശാല സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |
| ബി) അപേക്ഷ സമർപ്പിക്കാനുള്ള മാനദണ്ഡങ്ങൾ ട്രസ്റ്റ് കൃത്യമായി പാലിച്ചിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തിനു വേണ്ടി അപേക്ഷ നൽകിയതാരാണ്; | ബി) അപേക്ഷ സമർപ്പിക്കുന്നതിന് Calicut University First Statutes, 1977 അനുസരിച്ചുള്ള മാനദണ്ഡങ്ങൾ ട്രസ്റ്റ് പാലിച്ചിട്ടില്ല. അപേക്ഷ സമർപ്പിച്ചത് ട്രസ്റ്റ് സെക്രട്ടറിയാണ്. |
| സി) പ്രസ്തുത അപേക്ഷ സർവ്വകലാശാലയിൽ ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; അപേക്ഷയോടൊപ്പം ഉണ്ടായിരുന്ന ചലാന്റെ നമ്പറും തീയതിയും അറിയിക്കുമോ; | സി) അപേക്ഷ സർവ്വകലാശാലയിൽ 24/01/2012-ന് ലഭിച്ചു. അപേക്ഷയോടൊപ്പം ചലാൻ ഉണ്ടായിരുന്നില്ല. 30,000 രൂപ അടച്ച 1038733 തീയതി 28/01/2012 ചലാന്റെ കോപ്പി 31/01/2012-ന് സർവ്വകലാശാലയിൽ ലഭിച്ചു. |
| ഡി) സർവ്വകലാശാല വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി എന്നായിരുന്നു; പ്രസ്തുത ട്രസ്റ്റ് | ഡി) സർവ്വകലാശാല വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട അവസാന |

നിശ്ചിത തീയതിക്കു മുമ്പായി ചലാൻ രസീതിനോടൊപ്പം അപേക്ഷ സമർപ്പിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ?

തീയതി 31/10/2011 ഉം പിഴ സഹിതം സമർപ്പിക്കേണ്ട അവസാന തീയതി 31/12/2011-ഉം ആയിരുന്നു. പ്രസ്തുത ട്രസ്റ്റ് നിശ്ചിത തീയതിക്കു മുമ്പായി അപേക്ഷ സമർപ്പിച്ചിരുന്നില്ല.

ഇ) സർവ്വകലാശാലയിൽ നിലവിലുള്ള സിൻഡിക്കേറ്റ് അധികാരമേറ്റ ശേഷം സ്വാശ്രയമേഖലയിൽ എത്ര സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്; എങ്കിൽ ഏതെല്ലാമെന്ന് വ്യക്ത മാക്കുമോ?

ഇ) നിലവിലുള്ള സിൻഡിക്കേറ്റ് അധികാരമേറ്റ ശേഷം 8 സ്ഥാപനങ്ങൾക്ക് സ്വാശ്രയമേഖലയിൽ അനുമതി നൽകിയിട്ടുണ്ട്;

1. Pravasi Arts & Science College, Malappuram
2. Alsalama Institute of Architecture, Malappuram
3. St. Zavier's Arts & Science College, Kozhikode
4. Saqafathul Islam Arabic College, Kozhikode
5. MES Women's College, Pattambi, Palakkad
6. IES College of Architecture, Chittilappilly, Thrissur.
7. Chathamkulam Institute of Research & Advanced Studies, Palakkad.
8. Ideal College of Arts & Science, Kuttiadi, Kozhikode.

**സെക്ഷൻ ഓഫീസർ**